KANNUR
DIOCESAN GAZETTE
കണ്ണൂർ രൂപതാ ഗസറ്റ്

Vol. XVI 2015 May 15 No: 5

# സർക്കുലർ

മിശിഹായിൽ വാത്സല്യമുള്ള ബഹുമാനപ്പെട്ട വൈദീകരേ,സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

കണ്ണൂർ രൂപതയുടെ ചരിത്രത്തിൽ സുവർണ്ണലിപികളിലാലേഖനം ചെയ്യപ്പെടേണ്ട മഹത്തായ ഒരു സംരംഭത്തിനാണ് അഭിഷേകാഗ്നി കൺവെൻഷനിൽ വച്ച് തിരിതെളിഞ്ഞത്. വിദ്യാഭ്യാസത്തിലൂടെ മാത്രമെ നമ്മുടെ രൂപതയ്ക്ക് ശോഭനമായ ഭാവി ഉണ്ടാവുകയുള്ളു എന്ന തിരിച്ചറിവാണ് 'വിദ്യാജ്യോതിസ്' എന്ന ബൃഹത്പദ്ധതിയ്ക്ക് പ്രചോദനമായത്. കണ്ണൂർ രൂപതയുടെ നവതലമുറ ഗുണമേന്മയുള്ള വിദ്യാഭ്യാസപ്രകിയയുടെ ഭാഗമാകുന്നത് ഉറപ്പുവരുത്താനും അവരുടെ തുടർ വിദ്യാഭ്യാസത്തിനും സാമൂഹിക-സാമ്പത്തിക-വിശ്വാസമേഖലകളിൽ ഉന്നതനിലവാരത്തിലേക്ക് വളരാനും ഈ പദ്ധതി സഹായകമാകും. 'വിദ്യാജ്യോതിസ്' ദീർഘവീക്ഷണത്തോടെ ദൂരവ്യാപകമായ സത്ഫലങ്ങൾ മുന്നിൽ കണ്ടുള്ള ഒരു വിദ്യാഭ്യാസപദ്ധതിയാണ്. നാം ഏവരും ഒരുമയോടെ, ആത്മാർത്ഥമായി അതിനോട് സഹകരിക്കേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസ നിലവാരം ഉറപ്പുവരുത്താനും മിടുക്കരായ വിദ്യാർത്ഥികൾക്ക് അഭിരുചിക്കനുസൃതമായി പഠനം നടത്താനും ഉന്നത വിദ്യാഭ്യാസം നേടാനുമുള്ള അവസരം ഉടനെ സൃഷ്ടിക്കേണ്ടതും ഇന്നിന്റെ ആവശ്യകതയാണ്. ഈ അനിവാര്യത മുന്നിൽ കണ്ടുകൊണ്ട്, പരിയാരം പാദുവാ കപ്പൂച്ചിൻ ആശ്രമത്തിന്റെ സഹകരണത്തോടെ 'വിദ്യാജ്യോതിസ്' ന്റെ മേൽനോട്ടത്തിൽ 'പാദുവ സെന്റർ ഫോർ എക്സലൻസ്' എന്ന ഒരു സ്ഥാപനം ഈ അധ്യയനവർഷം മുതൽ ആരംഭിക്കുവാൻ രൂപത തീരുമാനിച്ചിരിക്കുന്നു.

രൂപതയിലെ ബൗദ്ധികനിലവാരവും പഠനമികവുള്ള ആൺകുട്ടികൾക്കായാണ് ഈ സെന്റർ നടത്തപ്പെടുന്നത്. എട്ടാം ക്ലാസ്സിലേക്കാണ് പ്രവേശനം ലഭിക്കുക. രൂപതയിലെ കുട്ടികൾക്ക് മാത്രമാണ് ഇത്. 'ദലിത്' കുട്ടികൾക്ക് കൂടുതൽ അവസരമുണ്ടായിരിക്കും. പ്രവേശനപരീക്ഷയിലൂടെയും മുഖാമുഖത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഈ

സൗകര്യം പ്രയോജനപ്പെടുത്താൻ വികാരിയച്ചന്മാർ മുൻകൈയെടുക്കണം. 'വിദ്യാ ജ്യോതിസ്' സമിതിയായിരിക്കും പ്രവേശനപരീക്ഷയും മുഖാഭിമുഖവും അഭിരുചി പരീക്ഷയും നടത്തി ഈ സെന്ററിലേക്കുള്ള അഡ്മിഷൻ നടത്തുക.

പരിയാരം പാദുവ കപ്പൂച്ചിൻ ആശ്രമത്തിലെ വൈദികരായിരിക്കും ഈ പഠന കേന്ദ്രത്തിന് നേതൃത്വം വഹിക്കുന്നത്. മാട്ടൂൽ ബോയ്സ് ഹോമിന്റെ ഒരു അനുബന്ധസ്ഥാപനമായിട്ടാണ് ഇപ്പോൾ ഇത് പ്രവർത്തനമാരംഭിക്കുന്നത്.

ഈ വർഷത്തേക്കുള്ള പ്രവേശനം ഉടനെ ആരംഭിക്കേണ്ടതുണ്ട്. സമർത്ഥരായ വിദ്യാർത്ഥികളെ കണ്ടെത്തി വികാരിയച്ചന്മാർ പ്രവേശന പരീക്ഷയ്ക്കായി ഒരുക്കി അയക്കേണ്ടതാണ്. പൂർണ്ണമായും മെറിറ്റ് അടിസ്ഥാനത്തിലായിരിക്കും പ്രവേശനം മറ്റു മാനദണ്ഡങ്ങൾ ഒന്നും പരിഗണിക്കപ്പെടുകയില്ല എന്ന് സ്നേഹപൂർവം വ്യക്തമാക്കട്ടെ. 10 കുട്ടികൾക്ക് 8–ാം ക്ലാസ്സിലേക്കാണ് പ്രവേശനം ലഭിക്കുക.

വിശദവിവരങ്ങൾക്കായി ബന്ധപ്പെടുക. ഫാ. മരിയൻ വിനായനന്ദ്–ഫോൺ. 9946179975, ഫാ. ക്ലാരൻസ് പാലിയത്ത്– ഫോൺ. 9447248981.

ഏവരുടെയും ആത്മാർഥമായ സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

കണ്ണൂർ ബിഷപ്സ് ഹൗസിൽനിന്ന്,

കണ്ണൂർ
15-05-2015

✠ അലക്സ് വടക്കുംതല
കണ്ണൂർ രൂപതാ മെത്രാൻ